**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3332** **11-03-2025 - ൽ മറുപടിയ്ക്ക്**

**കുന്ദമംഗലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുന്ദമംഗലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി ഏതൊക്കെ ഇടങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിക്വസിഷനാണ് കോഴിക്കോട് ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇവ ഓരോന്നിന്റെയും ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) | ഓരോ പ്രവൃത്തിക്കുമുള്ള റിക്വസിഷൻ ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു |
| (സി) | ഓരോ ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെയും നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ഡി) | ഓരോ പദ്ധതിയിലും എന്തൊക്കെ നടപടികളാണ് ഇനി അവശേഷിക്കുന്നത്; ഇവ ഓരോന്നും പൂർത്തീകരിക്കാൻ എത്ര സമയം വീതമാണ് ആവശ്യമായി വരുന്നതെന്ന് വിശദമാക്കാമോ? | (ഡി) | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും സുതാര്യതയ്ക്കും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ടിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് സ്ഥലമേറ്റെടുപ്പ് നടപടികൾ വേഗതയിൽ പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നം. | പദ്ധതിയുടെ പേര് | ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻറെ വിവരം (LAO, കാര്യാലയം) | റിക്വസിഷൻ ലഭിച്ച തീയ്യതി | നിലവിലെ പുരോഗതി |
|---|---|---|---|---|
| 1 | കല്ലേരി– ചെട്ടിക്കടവ് പാലം | സ്പെഷ്യൽ തഹസിൽദാർ, എൽ.എ(ജനറൽ), കോഴിക്കോട് | 27/07/2021 | അവാർഡ് പാസാക്കുന്നതിനുള്ള കാലാവധി നീട്ടി ലഭിച്ചതിനെ തുടർന്ന്, 20,38,456/–രൂപ ഉപയോഗപ്പെടുത്തി 7 അവാർഡുകൾ പാസ്സാക്കി 2 അവാർഡുകൾ കൂടി പാസ്സാക്കാനുള്ള ഫണ്ട് റിക്വസിഷൻ അതോറിറ്റിയിൽ നിന്നും ലഭ്യമാകേണ്ടതുണ്ട് . |
| 2 | കുമ്മങ്ങോട്ടുതാഴം –പണ്ടാര പറമ്പ്– പന്തീർപാടം റോഡ് | സ്പെഷ്യൽ തഹസിൽദാർ, എൽ.എ(ജനറൽ), കോഴിക്കോട് | 19/05/2022 | വിശദ വിലവിവര പട്ടിക (DVS) അംഗീകരിച്ച് ഉത്തരവായി. ഫണ്ട് ലഭ്യമാക്കാൻ റിക്വസിഷൻ അതോറിറ്റിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 3 | അരയിടത്ത് പാലം – കാരന്തൂർ റോഡ് | സ്പെഷ്യൽ തഹസിൽദാർ, എൽ.എ(ജനറൽ), കോഴിക്കോട് | 14/02/2022 | പുതുക്കിയ അർത്ഥനയുടെയും, അലൈൻമെന്റ് സ്കെച്ചിന്റെയും അടിസ്ഥാനത്തിൽ സംയുക്ത സ്ഥല പരിശോധന നടത്തി. ടി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ പരിഹരിക്കാൻ റിക്വസിഷൻ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അഡീഷണലായി ഉൾപ്പെടുത്തിയ 0.5492 ഹെക്ടർ ഭൂമിയ്ക്ക് റവന്യൂ വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. |
| 4 | മാവൂർ–NIT– കൊടുവള്ളി റോഡ് | സ്പെഷ്യൽ തഹസിൽദാർ, എൽ.എ (കെ–റെയിൽ), കോഴിക്കോട് | 08/07/2022 | സാമൂഹ്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനുള്ള വിദഗ്ധ സമിതി രൂപീകരിച്ചു. |

| | | | | |
|---|---|---|---|---|
| 5 | പെരിങ്ങളം ജംഗ്ഷൻ വികസനം | സ്പെഷ്യൽ തഹസിൽദാർ, എൽ.എ (കെ.ആർ.ഐ.പി), കോഴിക്കോട് | 30/01/2025 | 6(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു, സംയുക്ത സ്ഥല പരിശോധന പൂർത്തിയാക്കി. |
| 6 | ചെത്ത് കടവ്- മെഡിക്കൽ കോളേജ് റോഡ് | സ്പെഷ്യൽ തഹസിൽദാർ, എൽ.എ (കെ-റെയിൽ), കോഴിക്കോട് | 17/09/2022 | അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് ലാൻഡ് അക്വിസിഷൻ ഓഫീസർ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ സംയുക്ത സ്ഥല പരിശോധന നടത്തേണ്ടതുണ്ട്. |
| 7 | പടനിലം ജംഗ്ഷൻ വികസനം | സ്പെഷ്യൽ തഹസിൽദാർ, എൽ.എ (കെ-റെയിൽ), കോഴിക്കോട് | 23/08/2022 | 11(1) വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ചു. |
| 8 | പന്തീരങ്കാവ് 110 KV സബ് സ്റ്റേഷൻ | സ്പെഷ്യൽ തഹസിൽദാർ, എൽ.എ (ജനറൽ), കോഴിക്കോട് | 11/08/2020 | അവാർഡ് പാസ്സാക്കി, നഷ്ട പരിഹാര തുക അനുവദിച്ച് നൽകിയിട്ടുള്ളതും, ഏറ്റെടുത്ത ഭൂമി റിക്വസിഷൻ അതോറിറ്റിക്ക് കൈമാറി നൽകിയിട്ടുള്ളതുമാണ്. |
| 9 | മണാശ്ശേരി ചുളിമാട് റോഡ് | സ്പെഷ്യൽ തഹസിൽദാർ, എൽ.എ (കെ.ആർ.ഐ.പി), കോഴിക്കോട് | 09/09/2024 | 6(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു, സംയുക്ത സ്ഥല പരിശോധന പൂർത്തിയാക്കി. |